**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** | **27.04.2017-ൽ മറുപടിക്ക്**
**ചോദ്യം നം. 739**

**അക്ഷരസാഗരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ. കെ. ആൻസലൻ**<br>**ശ്രീ. വി. അബ്ദുറഹിമാൻ**<br>**ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് തീരപ്രദേശങ്ങളിലെ സാക്ഷരത ലക്ഷ്യമാക്കി അക്ഷരസാഗരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തീരദേശത്ത് സാക്ഷരത ഏറ്റവും കുറവുള്ള ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; | (ബി) | 2016-17 വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ്, മത്സ്യ മേഖലയിലെ സംഘടനകൾ, മത്സ്യത്തൊഴിലാളി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ